പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1272 12.03.2015-ൽ മറുപടിയ്ക്ക്

ചോദ്യം
ശ്രീ.എസ്. രാജേന്ദ്രൻ

മറുപടി
ശ്രീ.അനൂപ് ജേക്കബ്,
ഭക്ഷ്യവും, പൊതുവിതരണവും,
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പമന്ത്രി

മിഷൻ 676- ഭക്ഷ്യ- സിവിൽ സപ്ലൈസ് വകുപ്പ്

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യ- സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കിയ എത്ര പദ്ധതികൾ ഉണ്ട്; ഇതിനായി ചെലവഴിച്ച തുകയെത്ര; 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയതല്ലാത്ത തുക ഇതിനായി ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; വിശദാംശം ലഭ്യമാക്കാമോ; | (എ) | സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള താഴെപ്പറയുന്ന രണ്ട് പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>(1) സപ്ലൈക്കോയുടെ സംസ്ഥാനത്തെ എല്ലാ ഔട്ട് ലെറ്റുകൾ വഴിയും 13 ഇനം അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് പൊതു ജനങ്ങൾക്ക് എത്തിക്കുന്നതിനുള്ള തുടർ പദ്ധതിയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുക<br><br>(2) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുക.<br><br>ടി രണ്ട് പദ്ധതികളിൽ ഒന്നാമത്തെ പദ്ധതിയ്ക്കായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. ഇതുവരെ പദ്ധതിയ്ക്കായി 65 കോടി ബജറ്റ് വിഹിതവും 5 കോടി അധിക വിഹിതവും ഉൾപ്പെടെ 70 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണ പദ്ധതിയ്ക്കായി ബജറ്റ് വിഹിതത്തിൽ നിന്നും 1,64,50,050/-രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | മിഷൻ 676 പദ്ധതി തുടങ്ങിയത് എന്നായിരുന്നു; അവസാനിക്കുന്ന തീയതി എന്നാണ്; ഇനി അവശേഷിക്കുന്ന ദിവസങ്ങൾ എത്ര; | (ബി) | 30.04.2014-ലെ മന്ത്രിസഭാ തീരുമാന പ്രകാരം ആരംഭിച്ച മിഷൻ 676 പദ്ധതിയിൽ ഈ വകുപ്പിന്റെ ടി 2 പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതികളിൽ, അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നത് ഒരു തുടർപദ്ധതിയാണ്. 31.05.2014-ന് അനുമതി നൽകിയ കമ്പ്യൂട്ടർവൽക്കരണ പദ്ധതി രണ്ട് വർഷം കൊണ്ട് തീർക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി പ്രകാരം ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെ; ഇവ ഉപേക്ഷിച്ചവയാണോയെന്ന് വിശദമാക്കുമോ? | (സി) | മേൽ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ചോദ്യമുദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ